# ദൈവകൃപയാൽ
# അങ്കമാലി ഭദ്രാസന ഇടവകയുടെ മെത്രാപ്പൊലീത്തായും
# ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം പ്രസിഡന്റുമായ
# യൂഹാനോൻ മാർ പോളികാർപ്പോസ് മെത്രാപ്പൊലീത്തായിൽ നിന്നും

MALANKARA ORTHODOX SYRIAN CHURCH · THE ORTHODOX CHRISTIAN YOUTH MOVEMENT OF THE EAST · 2009 · PRESIDENT · YUHANON MAR POLICARPOS METROPOLITAN

**OCYM / 18 / 2016**

പൗരസ്ത്യ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ചുമതലക്കാരായ എല്ലാ വൈദീകർക്കും, പ്രസ്ഥാനത്തിന്റെ മറ്റ് ഭാരവാഹികൾക്കും പ്രവർത്തകർക്കും അംഗങ്ങൾക്കും ശേഷം ജനങ്ങൾക്കും വാഴ്വ്.

കർത്താവിൽ അനുഗ്രഹീതരെ,

നമ്പർ MOSC / CMM / 246 / 2016 കല്പന മുഖേന പ്രസ്ഥാനത്തിന്റെ പരമാധികാരി പരി. ബാവാ തിരുമനസ്സുകൊണ്ട് പൗരസ്ത്യ ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറിയായി ബഹു. കാരാട്ടിൽ അജി കെ. തോമസ് കത്തനാരെ നിയമിച്ചിരിക്കുന്ന വിവരം നിങ്ങളേവരെയും ഈ കല്പന മുഖാന്തിരം നാം അറിയിക്കുന്നു. പരി. ത്രിത്വത്തിന്റെ ബഹുമതിക്കും പരി. സഭയുടെ കൊമ്പ് ഉയരുന്നതിനും സമൂഹത്തിന്റെ ഉന്നതിക്കും ശ്രേയസ്സിനും അച്ചന്റെ സേവനം ഉതകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നിങ്ങളേവരും നമ്മുടെ കർത്താവിന്റെ സ്നേഹത്തെ പ്രതി ബഹു. അച്ചനോട് സഹകരിക്കണമെന്ന് നാം ആവശ്യപ്പെടുന്നു. (അച്ചന്റെ നിയമനം 2016 നവംബർ മാസം 21 മുതൽ പരി. ബാവായുടെ ഇനിയൊരു കല്പനവരേക്കും ആയിരിക്കുന്നതാണ്.)

കഴിഞ്ഞ നാല് വർഷക്കാലം പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറിയായിരുന്ന ബഹു. പി.വൈ. ജെസ്സൺ അച്ചൻ പരി. സഭയോടും പരി. ബാവാ തിരുമേനിയോടും നമ്മോടും കാണിച്ച സ്നേഹത്തിനും, പ്രസ്ഥാനത്തിനുവേണ്ടി സഹിച്ച ത്യാഗത്തിനും കഷ്ടപ്പാടുകൾക്കും ദൈവം തമ്പുരാൻ മുപ്പതായും അറുപതായും നൂറായും ഫലം നൽകട്ടെയെന്ന് അനുഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. നിങ്ങളുടെ പ്രാർത്ഥനാപൂർവ്വമായ സഹകരണം പ്രസ്ഥാനത്തിനും നമുക്കും അനുഗ്രഹമായി തീരുവാൻ ദൈവം ഇടയാക്കട്ടെ.

ദൈവം അനുഗ്രഹിക്കട്ടെ,

**2016 പരുമല പെരുന്നാൾ കൊടിയേറ്റ് ദിനം**
**പരുമലയിൽ നിന്നും**

**യൂഹാനോൻ മാർ പോളികാർപ്പോസ്**
**മെത്രാപ്പൊലീത്ത**